"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- വയനാട് മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടൽ- മാതാപിതാക്കൾ നഷ്ടപ്പെട്ട മൈനറായിട്ടുള്ള അവകാശികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.134/2025/DMD തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-
1. സഉ(കൈ)നം.7/2024/ഡിഎംഡി തീയതി 14/08/2024
2. സഉ(സാധാ)നം.367/2024/WCDD തീയതി 13/09/2024
3. വയനാട് ജില്ലാകളക്ടറുടെ 28/09/2024 ലെ ഡിസിഡബ്ല്യൂ വൈഡി/5577/2024/ഡിഎം3 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും, ഗുരുതരമായി പരിക്കേറ്റവർക്കും ധനസഹായം അനുവദിച്ച്കൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട മൈനറായിട്ടുള്ള അവകാശികൾക്ക് ധനസഹായം അനുവദിക്കുന്നതിൽ മാർഗ്ഗനിർദ്ദേശം നല്കണമെന്ന് പരാമർശം(2) പ്രകാരം വയനാട് ജില്ലാകളക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി എന്നിവയിൽ നിന്നും അനുവദിക്കുന്ന ധനസഹായം മാതാപിതാക്കൾ നഷ്ടപ്പെട്ട മൈനറായിട്ടുള്ള അവകാശികൾക്ക് നല്കുമ്പോൾ, കുട്ടിയ്ക്ക് 18 വയസ്സിന് ശേഷം പിൻവലിക്കാവുന്ന തരത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ടി തുകയുടെ പലിശ അതത് മാസങ്ങളിൽ കുട്ടിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനും വയനാട് ജില്ലാകളക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
വനിത ശിശു വികസന വകുപ്പ്
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 17-03-2025 11:21:31
സെക്ഷൻ ഓഫീസർ